**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പി-ക്കുന്നതിന്റെ ഭാഗമായി 1 മുതൽ 3 kw ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 kw ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ മൂന്ന് KW-ന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. പദ്ധതി ത്വരിതഗതി യിലാക്കാൻ വേണ്ടി പുതുതായി 37 ഡെവലപ്പർമാരെക്കൂടി പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കളെ കണ്ടെത്താൻ വേണ്ടി ഇലക്ട്രിസിറ്റി ഓഫീസ് സർക്കിൾ തലത്തിലും സെക്ഷൻ തലത്തിലും ഉദ്യോഗസ്ഥരെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ പദ്ധതി രജിസ്ട്രേഷൻ ത്വരിതഗതി യിലാക്കാൻ ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ എന്ന ഏകജാലക സംവിധാനം വികസിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ 100 MW പുരപ്പുറ സൗരോർജ്ജ പദ്ധതികൾ സംസ്ഥാനത്ത് വികസിപ്പിച്ചു വരുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. കെ.എസ്.ഇ.ബി.എൽ എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് 'സൗരതേജസ്സ്' എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യത ഉറപ്പിക്കുന്നതിനും വേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നത് വരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | സൗരനിലയം സ്ഥാപിക്കാൻ അനുയോജ്യമായ പുരപ്പുറമുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ ഏതൊരു ഗാർഹിക ഉപഭോക്താവിനും പുരപ്പുറ സൗരോർജ്ജ പദ്ധതി അനുവദിക്കാവുന്നതാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ പ്രത്യേക യോഗ്യത മാനദണ്ഡമില്ല. നിലവിൽ കെ.എസ്.ഇ.ബി.എൽ ഗാർഹിക വൈദ്യുതി കണക്ഷൻ ഉള്ളവർക്കാണ് പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം സബ്സിഡി ലഭിക്കുന്നത്. ഇതിനായി ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ ക്രമത്തിലാണ് പരിഗണിക്കുന്നത്. സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത സൂര്യ പ്രകാശം ലഭിക്കുന്ന ഉറപ്പായ സ്ഥലം ആവശ്യമാണ്. സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലാണ് സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ